## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വൈത്തിരി ഗ്രാമപഞ്ചായത്ത് - കാലവർഷക്കെടുതിയിൽ വീട് അപകടാവസ്ഥയിൽ ആയ ശ്രീമതി.റുഖിയ എന്നവർക്ക് അനുവദിച്ച ക്വാർട്ടേഴ്സിന്റെ വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 533/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/03/2019

പരാമർശം:-
1. വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 07/12/2018 ൽ നടന്ന സാധാരണ മീറ്റിംഗിലെ 7(1)/18-ാം നമ്പർ തീരുമാനം.
2. വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/12/2017 ലെ സി1-7799/18 നമ്പർ കത്ത്.
3. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05/02/2019 ലെ എഡിപി-ഡബ്ല്യൂഡി/72/2019-എ 7 നമ്പർ കത്ത്.

**ഉത്തരവ്**

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 നിലകളിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് 2018 ആഗസ്റ്റ് മാസത്തിലെ കാലവർഷക്കെടുതിയിൽ മണ്ണിനടിയിലേക്ക് താഴ്ന്ന പോകുകയും മണ്ണിടിച്ചിലുണ്ടാകുകയും ചെയ്തിരുന്നു. ടി സ്ഥലത്തിനോട് ചേർന്നുള്ള റുഖിയ എന്നവരുടെ വീട് അപകടാവസ്ഥയിലായതിനാൽ, നിലവിൽ പഞ്ചായത്ത് വക കെട്ടിടങ്ങളോ മറ്റ് കെട്ടിടങ്ങളോ ഇല്ലാത്തതിനാൽ ടിയാരിക്ക് വാടക അടിസ്ഥാനത്തിൽ വാർഡ് 11-ലെ 365 -ാം മുറി 6000/- രൂപ പ്രതിമാസ വാടക പഞ്ചായത്ത് തനത് ഫണ്ടിൽ നൽകുന്നതിന് പരാമർശം 1 പ്രകാരം ഭരണസമിതി തീരുമാനിച്ചിരുന്നുവെന്നും ആയതിനാൽ വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു. ബഹു.ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം 1/1/2019 മുതലാണ് വാർഡ് 11-ലെ 365 -ാം ക്വാർട്ടേഴ്സ് വാടകയ്ക്ക് അനുവദിച്ചിട്ടുള്ളതെന്നും, ബഹു.ജില്ലാ ലീഗൽ അതോറിറ്റി മുൻപാകെ ഭൂമിയും വീടും റവന്യൂ വകുപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണെന്നും ആയത് ലഭിക്കുന്നത് വരെ മാത്രമെ പഞ്ചായത്ത് വാടക അനുവദിക്കുകയുള്ളു എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 കാലവർഷക്കെടുതിയിൽ വീട് അപകടാവസ്ഥയിൽ ആയ ശ്രീമതി. റുഖിയ എന്നവർക്ക് ബഹു.ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം അനുവദിച്ച ക്വാർട്ടേഴ്സിന്, 01/01/2019 മുതൽ ഭൂമിയും വീടും റവന്യൂ വകുപ്പ് നൽകുന്നതു വരെ, വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 6,000/- (ആറായിരം) രൂപ വീതം പ്രതിമാസ വാടക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
പ്രസിഡന്റ്, വൈത്തിരി ഗ്രാമപഞ്ചായത്ത്, വൈത്തിരി പി.ഒ, വയനാട് - 673576.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.